## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.584 05.06.2018-ൽ മറുപടിയ്ക്ക്

### ധനകാര്യ സ്ഥാപനങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.ഒ. ആർ. കേളു</th><th colspan="2">മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</th></tr>
<tr><td>(എ)</td><td>കെ.എസ്.എഫ്.ഇ , കെ.എഫ്.സി പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത നിർധനരായ ആളുകൾക്ക് പലിശയിളവ് നൽകുന്ന കാര്യം പരിഗണിക്കുമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">കെ.എസ്.എഫ്.ഇ.യിൽ നിന്ന് വായ്പ /ചിട്ടി എടുത്ത് തിരിച്ചടവിൽ വീഴ്ച വരുത്തിയ ആളുകൾക്ക് വമ്പിച്ച പലിശ ഇളവോടെ ഇളവ് 2017 എന്ന പദ്ധതി 01.01.2017 മുതൽ 31.05.2017 വരെ നടപ്പിലാക്കി. പിന്നീട് 01.01.2018 മുതൽ 30.04.2018 വരെ വിവിധ അദാലത്തുകളിൽ പലിശ ഇളവോടുകൂടി കുടിശ്ശിക തീർക്കുവാനുള്ള അവസരം ഒരുക്കുകയും ചെയ്തു. പുതിയതായി പദ്ധതികളൊന്നും KSFE യിൽ നിലവിൽ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ KFC യിൽ നിന്നും വായ്പ എടുത്തു തിരിച്ചടയ്ക്കാൻ കഴിയാത്ത നിർധനരായ ആളുകൾക്ക് പലിശ ഇളവ് ഉൾപ്പെടെ ഉള്ള ഉദാരമായ ഒറ്റതവണ തീർപ്പാക്കൽ പദ്ധതി കെ.എഫ്.സി. ആവിഷ്കരിച്ച് നിലവിൽ നടപ്പിലാക്കി വരുന്നു.</td></tr>
<tr><td>(ബി)</td><td>വായ്പ കുടിശ്ശിക ആയവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വായ്പ തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ